**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1136** **18-09-2025 - ൽ മറുപടിയ്ക്ക്**

**വേമ്പനാട്ടുകായലിന്റെ പുനരുജ്ജീവനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വേമ്പനാട്ടുകായലിന്റെ സംഭരണശേഷി 15 ശതമാനമായി കുറഞ്ഞു എന്ന റിപ്പോർട്ട് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. വേമ്പനാട് കായലിൽ അടിഞ്ഞു കൂടിയിട്ടുള്ളതും economic value ഇല്ലാത്തതുമായ soil നീക്കം ചെയ്ത് "Six Lanning of Thurvoor Thekku to Paravoor of NH-66" എന്ന പ്രവൃത്തിയിലേക്ക് ഉപയോഗിക്കുന്നതിനായി സ.ഉ.(സാധാ) നം.28/2025/ജവിവ തീയതി 21.04.2025 പ്രകാരം NHAI-ക്ക് അനുമതി നൽകിയിട്ടുള്ളതാണ്. പ്രവൃത്തി നടന്നുവരുന്നു. |
| (ബി) | മാലിന്യങ്ങളും കൈയ്യേറ്റവും മൂലം കായലിന്റെ വിസ്തൃതി കുറഞ്ഞതായും ജലസംഭരണശേഷി 85% നഷ്ടപ്പെട്ടതായും കണ്ടെത്തിയിരിക്കുന്ന സാഹചര്യത്തിൽ റംസാർ സൈറ്റായ വേമ്പനാട്ടുകായലിന്റെ പുനരുജ്ജീവനത്തിനായി സമഗ്രമായ കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ? | (ബി) | വേമ്പനാട് കായലിന്റെ പുനരുജ്ജീവനത്തിനായി സമഗ്രമായ കർമ്മ പദ്ധതികൾ തയ്യാറാക്കുന്നത് ജലസേചനവും ഭരണവും ചീഫ് എഞ്ചിനിയറുടെ അധികാര പരിധിയിൽ മാത്രം വരുന്നതല്ല. പരിസ്ഥിതി, റവന്യൂ, തദ്ദേശ സ്വയംഭരണം, മത്സ്യബന്ധനം, ടൂറിസം, തുറമുഖം, ഉൾനാടൻ ജലഗതാഗതം, കൃഷി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, SWAK, CWRDM, KUFOS തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തോടുകൂടി മാത്രമേ അത്തരമൊരു സമഗ്ര പദ്ധതി വികസിപ്പിക്കാൻ സാധിക്കുകയുള്ളൂ. കായലിന്റെ പുനരുജ്ജീവനം വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ചുള്ള ചർച്ചകൾ ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ നടന്നു വരുന്നുണ്ട്. കൂടാതെ വേമ്പനാട് കായലിന്റെ ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനുള്ള 28.79 കോടി രൂപയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (Restoration of Eco System of Vembanad Lake and surrounding water bodies leading to the lake in Aroor LAC-Phase 1) എന്ന പ്രവൃത്തിയുടെ വിശദമായ പദ്ധതി രൂപരേഖ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ